പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2056 18.06.2013 -ൽ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിലെ യാത്രാക്ലേശം

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ - പറവൂർ റൂട്ടിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് പുനസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | വൈപ്പിൻ-പറവൂർ റൂട്ടിൽ നോർത്ത് പറവൂർ ഡിപ്പോയിൽ നിന്നും 14 സർവ്വീസും, എറണാകുളം ഡിപ്പോയിൽ നിന്നും 10 സർവ്വീസും, കൊടുങ്ങല്ലൂരിൽ നിന്നും ഒരു ഷെഡ്യൂളിലായി ഒരു ട്രിപ്പും, മാളയിൽ നിന്നും 2 സർവ്വീസുകളിലായി 2 ട്രിപ്പും കെ.എസ്.ആർ.ടി.സി നടത്തി വരുന്നുണ്ട്. ഇവയൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ ജീവനക്കാരുടെ കുറവ് മൂലം എറണാകുളം ഡിപ്പോയിലെ 2 ഷെഡ്യൂളുകൾ ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാറില്ല. |
| (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ? | (ബി) | യാത്രാക്ലേശം സംബന്ധിച്ച് ലഭിച്ച പരാതികൾ സാധ്യതാപഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. പുതിയ സർവീസുകൾ തുടങ്ങുന്ന കാര്യം ജീവനക്കാരുടേയും ബസ്സിന്റെയും ലഭ്യതക്ക് അനുസൃതമായി പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ